ഉത്തരം

(എ-സി) ഭരണാനുമതി ലഭിച്ച തൃശ്ശൂർ ജില്ലയിലെ കുന്നംകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ചൂണ്ടൽ-പഴുന്നാന-മരത്തംകോട് റോഡ് പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടും സ്വീകരിക്കുവാൻ ഒരു കരാറുകാരനും മുന്നോട്ടു വന്നില്ല. ആയതിനാൽ ക്വോട്ടേഷൻ സ്വീകരിക്കുകയും ആയത് അംഗീകരിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയിൽ കോട്ടരുവം ഭാഗത്തെ മണ്ണിടിച്ചിൽ

265 (4897) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി. ഏറ്റെടുത്ത് അഭിവൃദ്ധിപ്പെടുത്തുന്ന കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയിൽ അശാസ്ത്രീയമായ നിർമ്മാണം മൂലം കോട്ടരുവം ഭാഗത്ത് മണ്ണിടിഞ്ഞ് ഏത് സമയത്തും ഒരു ദുരന്തം ഉണ്ടാകാനുള്ള സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഉന്നത തലത്തിലുള്ള ടെക്നിക്കൽ കമ്മിറ്റിയെക്കൊണ്ട് അന്വേഷണം നടത്തി ദുരന്ത സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) മണ്ണിടിയാനുള്ള സാദ്ധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് അശാസ്ത്രീയമായ നിർമ്മാണം മൂലം അല്ല. കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ നിർമ്മാണം പുരോഗമിച്ചു വരുന്ന കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിൽ കോട്ടരുവം ഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മാണ പ്രവൃത്തി ചെയ്ത സമയത്ത് മണ്ണ് ഇടിഞ്ഞു വീഴുകയുണ്ടായി. ഉടൻ തന്നെ അതിനുള്ള സംരക്ഷണ നടപടി എടുക്കുകയുണ്ടായി. മണ്ണിടിയാൻ സാധ്യതയുള്ളതിനാൽ വളരെ ശ്രദ്ധയോടെയാണ് പ്രവൃത്തികൾ ചെയ്യുന്നത്. ഇതിലെ പ്രശ്നങ്ങൾ മുന്നിൽ കണ്ട് ഈ പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുന്ന സൂപ്പർവിഷൻ കൺസൾട്ടന്റ് ഈ രംഗത്തെ വിദഗ്ധനെ കൊണ്ട് പ്രസ്തുത സ്ഥലം പരിശോധിക്കുകയും വിദഗ്ധ നിർദ്ദേശം തേടുകയുമുണ്ടായി. ഇതിൻ പ്രകാരം ഈ റോഡിന്റെ നിർമ്മാണ പ്രവൃത്തി നടത്തുന്ന കരാറുകാരനായ M/s. RDS Projects-നെ കൊണ്ട് ഡിസൈൻ മാറ്റുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. സുരക്ഷിതത്വം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly